**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **13-09-2023 - ൽ മറുപടിയ്ക്ക്**

**മാങ്ങാട്ടുപറമ്പ് അമ്മയും കുഞ്ഞും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ മാങ്ങാട്ടുപറമ്പ് അമ്മയും കുഞ്ഞും ആശുപത്രിയിൽ ഐ.വി.എഫ്. ക്ലിനിക്ക് ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ മങ്ങാട്ടുപറമ്പ് ഇ.കെ.നായനാർ മെമ്മോറിയൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 74.85 ലക്ഷം രൂപ വകയിരുത്തി സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനായി സൗകര്യം ലഭ്യമാണ്. ഈ ആശുപത്രിയിൽ രണ്ട് കൺസൾട്ടന്റ്, രണ്ട് ജൂനിയർ കൺസൾട്ടന്റ് എന്നിവരുടെ സേവനം രാവിലെ 8.00 മണി മുതൽ 1.00 മണി വരെ രണ്ട് ഗൈനക് ഒ.പി-കളിലായി ലഭ്യമാണ്. വന്ധ്യതക്കുള്ള ഒ.പി.ആഴ്ചയിൽ ഒരു ദിവസം (ശനി) 11.00 മണി മുതൽ 1.00 മണി വരെ നടത്തി വരുന്നു. ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ART Level 1 Infertility Treatment Unit ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഐ.വി.എഫ്. ക്ലിനിക്കിന് ആവശ്യമായി വരുന്ന ജീവനക്കാരെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ; | (ബി) | പ്രസ്തുത ഐ.വി.എഫ്. ക്ലിനിക്കിന് ആവശ്യമായി വരുന്ന ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ കാൻസർ ക്ലിനിക്ക് ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | തളിപ്പറമ്പ് മണ്ഡലത്തിലെ മങ്ങാട്ടുപറമ്പ് ഇ.കെ.നായനാർ മെമ്മോറിയൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ കാൻസർ ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും ഭരണാനുമതിക്കായി കാൻസർകെയർ പദ്ധതിയുടെ 2023-2024-ലെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ